## കാർഷികസർവകലാശാല ജനറൽ കൗൺസിൽ യോഗം

# മണ്ണുസംരക്ഷണത്തിനും പുഷ്പകൃഷി ഗവേഷണത്തിനും കർമപദ്ധതികൾ

Madhyamam 27.11.17

### ● അധ്യാപക നിയമനത്തിൽ പിന്നാക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കും

**തൃശൂർ:** സംസ്ഥാനത്ത് മണ്ണുസംരക്ഷണത്തിനുള്ള പദ്ധതികൾ ചിട്ടപ്പെടുത്താനും പുഷ്പകൃഷി പ്രോത്സാഹനത്തിന് പഠന, ഗവേഷണങ്ങൾ ശക്തിപ്പെടുത്താനും കേരള കാർഷികസർവകലാശാല ജനറൽ കൗൺസിൽ തീരുമാനിച്ചു. പുഷ്പകൃഷി പുഷ്ടിപ്പെടുത്താൻ വിവിധ കോളജുകളിലെ ഫ്ലോറികൾച്ചർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്നും മണ്ണ് സംരക്ഷണത്തിന് ഹരിത കേരളം പദ്ധതിയിലെ ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി സാങ്കേതിക സഹകരണം ഉറപ്പുവരുത്തണമെന്നും യോഗത്തിൽ അധ്യക്ഷത വഹിച്ച ആക്ടിങ് വൈസ് ചാൻസലർ ടിക്കാറാം മീണ നിർദേശിച്ചു.

കർഷകപ്രതിനിധി ചെറുവയൽ രാമനാണ് മണ്ണ് സംരക്ഷണത്തിൻെറ പ്രാധാന്യം ഉന്നയിച്ചത്. കെ.വി. വിജയദാസ് എം.എൽ.എ പുഷ്പകൃഷിയുടെ സാധ്യതകൾ ചൂണ്ടിക്കാട്ടി. സംസ്ഥാനത്ത് വിതരണം ചെയ്യപ്പെടുന്ന വിത്ത്, നടീൽ വസ്തുക്കളുടെ ഗുണ നിലവാരം ഉറപ്പുവരുത്താനാവശ്യമായ സാങ്കേതിക പിന്തുണ സർവകലാശാല നൽകും. ആഭ്യന്തര വരുമാനം വർധിപ്പിക്കുന്നതിനായി മിഷൻ മോഡ് സംവിധാനം പരിഗണിക്കും. ഇതിനുള്ള നടപടികൾ ചിട്ടപ്പെടുത്താൻ ഭരണസമിതിയെ ചുമതലപ്പെടുത്തി. അധ്യാപക നിയമനത്തിൽ പിന്നാക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താനും തൊഴിലാളികളുടെ ശമ്പളക്കുടിശ്ശിക വിതരണം ത്വരിതപ്പെടുത്താനും യോഗം തീരുമാനിച്ചു. വിവിധ കാമ്പസുകളിലെ ഹോസ്റ്റൽ നിർമാണം വേഗത്തിൽ പൂർത്തിയാക്കണമെന്ന വിദ്യാർഥി പ്രതിനിധികളുടെ ആവശ്യം കൗൺസിൽ അംഗീകരിച്ചു. കാലാവസ്ഥ വ്യതിയാന പഠന അക്കാദമിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ധാരണയായി.

യോഗത്തിൽ ഭരണ സമിതിയംഗങ്ങളായ കെ. രാജൻ എം.എൽ.എ, ധനകാര്യ സെക്രട്ടറി മിൻഹാജ് അലാം, രജിസ്ട്രാർ ഡോ. എസ്. ലീനാകുമാരി, ജി.എസ്. ജയലാൽ എം.എൽ.എ, എം. വിൻസൻറ് എം.എൽ.എ, ഡോ. എ. അനിൽ കുമാർ, പി.കെ. ശ്രീകുമാർ, ഡോ. ബി. സുമ, ഡോ. തോമസ് ജോർജ്, കെ.ഡി. ബാബു, സി.എച്ച്. മുത്തു, ബിബിൻ ചാക്കോ, വസിം ഫജൽ, അബിൻ ജോർജ്, ഡോ. കെ. അരവിന്ദാക്ഷൻ, ഡോ. എസ്. എസ്റ്റലീറ്റ, ഡോ. ടി. പ്രദീപ് കുമാർ, ഡോ. കെ.കെ. സത്യൻ, അനിത രാധാകൃഷ്ണൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. സർവകലാശാല കൺട്രോളർ, ഗവേഷണ, വിജ്ഞാന വ്യാപന, അക്കാദമിക്, വിദ്യാർഥിക്ഷേമ, മരാമത്ത് ഡയറക്ടർമാർ, ഫാക്കൽറ്റി ഡീൻമാർ തുടങ്ങിയവർ സന്നിഹിതരായി.